# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2631 — 19.12.2012ൽ മറുപടിയ്ക്ക്

## ചേലക്കര നിയോജകമണ്ഡലത്തിൽ ചെറുതുരുത്തി തടയണയുടെ നിർമ്മാണം

ചോദ്യം : ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഭാരതപ്പുഴക്ക് കുറുകെയുള്ള ചെറുതുരുത്തി തടയണയുടെ നിർമ്മാണം സ്തംഭനാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ : | (എ) ഉണ്ട്. പ്രസ്തുത തടയണയുടെ നിർമ്മാണം റവന്യൂ വകുപ്പിനു കീഴിലുള്ള റിവർമാനേജ്മെന്റ് ഫണ്ടുപയോഗിച്ചാണ് ഏറ്റെടുത്തിരിക്കുന്നത്. 9.5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പണി 2,79,89,900 രൂപയുടെ നിർമ്മാണം പൂർത്തിയാക്കിയ അവസ്ഥയിൽ കരാറുകാരന്റെ മരണത്തെത്തുടർന്ന് കരാർ അവസാനിപ്പിച്ചതിനാൽ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) പദ്ധതിക്ക് ഭരണാനുമതി പുതുക്കി നൽകേണ്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (ബി) പൂർത്തീകരിക്കുവാനുള്ള പണികളുടെ 10 കോടി രൂപയുള്ള എസ്റ്റിമേറ്റ് കഴിഞ്ഞ വർഷത്തിൽ തന്നെ തയ്യാറാക്കിയെങ്കിലും ഭരണാനുമതി നൽകുന്നതിനു മുൻപ് പി.ഡബ്ല്യു.ഡി നിരക്കുകൾ പരിഷ്കരിക്കുകയുണ്ടായി. ഇതേ തുടർന്ന് പുതുക്കിയ നിരക്ക് പ്രകാരം തയ്യാറാക്കിയ 12.20 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന് റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) ഭരണാനുമതി പുതുക്കുവാനുള്ള നിർദ്ദേശമടങ്ങിയ ഫയൽ റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; <br> (ഡി) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ആവശ്യമായ തുക ലഭ്യമാക്കി എത്രയും വേഗം തടയണ നിർമ്മാണം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) & (ഡി) ഉണ്ട്. തൃശ്ശൂർ ജില്ലാകളക്ടറുടെ 4/9/12-ാം തീയതിയിലെ ബി 9-38642/2009 നമ്പർ കത്ത് പ്രകാരം 12.20 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുകയുണ്ടായി. ആയത് ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ